प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

സെപ്തംബർ 12, 2018

## ഉത്തർപ്രദേശ് ലഖ്നൗവിലെ, ഇന്ത്യൻ മെർക്കൻറയിൽ സഹകരണബാങ്ക് ലിമിറ്റഡിനുമേൽ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണ നിർദ്ദേശങ്ങളുടെ സാധുത ആർ.ബി.ഐ. ദീർഘിപ്പിച്ചു

റിസർവ്ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ.) ലഖ്നൗവിലെ ഇന്ത്യൻ മെർക്കൻറയിൽ സഹകരണബാങ്ക് ലിമിറ്റഡിനുമേൽ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണനിർദ്ദേശങ്ങൾ, പുനരവലോകനത്തിനു വിധേയമായി, 2018 സെപ്തംബർ 12 മുതൽ 2019 മാർച്ച് 11 വരെ ആറുമാസ ക്കാലത്തേക്കുകൂടി ദീർഘിപ്പിച്ചു. ഈ ബാങ്ക് 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എ എസി എസ്.) സെക്ഷൻ 35 A, സബ് സെക്ഷൻ (1) പ്രകാരം, 2014 ജൂൺ 12-നു പുറപ്പെടുവിച്ച ഉത്തരവിലൂടെ, നിയന്ത്രണ നിർദ്ദേശങ്ങൾക്കു വിധേയ മായിരുന്നു.

മുകളിൽപറഞ്ഞ ഉത്തരവിൻറെ സാധുത 2014 ജൂലൈ 30-നും, 2014 ഡിസംബർ 8-നും, 2015 ജൂൺ 2-നും, 2015 സെപ്തംബർ 7-നും, 2015 ഒക്ടോബർ 19-നും, 2015 ഡിസംബർ 7-നും, 2016 മാർച്ച് 4-നും, 2016 സെപ്തംബർ-2-നും, 2016 നവംബർ 25-നും, 2017 മാർച്ച് 9-നും, 2017 സെപ്തംബർ 01-നും, 2018 മാർച്ച് 6-നും, നിയന്ത്രണ നിർദ്ദേശങ്ങളുടെ സാധുത ദീർഘിപ്പിക്കുകയും അതിൽ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. 2018 സെപ്തംബർ 07-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ 2018 സെപ്തംബർ 11 വരെ ദീർഘിപ്പിച്ചിരുന്ന നിർദ്ദേശങ്ങളുടെ സാധുത, 2018 സെപ്തംബർ 12 മുതൽ 2019 മാർച്ച് 11 വരെ ദീർഘിപ്പിച്ചു. 2018 സെപ്തംബർ 7-നു പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ ഒരു കോപ്പി, പൊതുജനങ്ങൾ വായിച്ചറിയുവാൻവേണ്ടി ബാങ്ക്മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഉത്തരവുകളിൽ ഭേദഗതികൾ വരുത്തിയെന്നതിനാൽ ബാങ്കിൻറെ സാമ്പത്തികനിലയിൽ മെച്ചപ്പെട്ടെന്നോ വഷളായെന്നോ റിസർവ്ബാങ്ക് കരുതുന്നുണ്ടെന്ന് കണക്കാക്കേണ്ടതില്ല. സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, റിസർവ്ബാങ്ക് ഉത്തരവുകളിൽ ഭേദഗതികൾ വരുത്തിയേക്കാം.

അജിത് ( പ്രസാദ്
അസിസ്ററൻറു അഡ്വൈസർ

പ്രസ്സ് റിലീസ് **2018-2019/601**